# Malayala Manorama

# 16 August 2018

# Kerala: , Flood, Relief activates

## ആ കരച്ചിലും സേന കേട്ടു

### തുരുത്തിൽ കുടുങ്ങിയ മൃഗങ്ങൾക്കു ഭക്ഷണം നൽകി ദുരന്തനിവാരണ സേന

**മനോരമ ലേഖകൻ**

ചെറുതോണി● ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തിയപ്പോൾ കൃഷിയിടത്തിൽ കുടുങ്ങിയ 17 മിണ്ടാപ്രാണികളെ രക്ഷിക്കാൻ ദേശീയ ദുരന്തനിവാരണ പ്രതികരണ സേനയും നാട്ടുകാരും കൈകോർത്തു. ആറു മണിക്കൂറോളം നീണ്ട ദൗത്യത്തിനൊടുവിൽ മൃഗങ്ങളെ രക്ഷിക്കാനായില്ലെങ്കിലും രണ്ടു ദിവസത്തേക്കുള്ള ഭക്ഷണം നൽകാനായി.

വെള്ളക്കയം കുറ്റാക്കുഴിയിൽ മോഹനനും കുടുംബവും ചേർന്നാണു വെള്ളക്കയത്തിനു സമീപം ഒരേക്കറോളം വരുന്ന സ്ഥലത്തു കൃഷിയും പശുവളർത്തലും പന്നി ഫാമും നടത്തിയിരുന്നത്. അണക്കെട്ടിന്റെ അഞ്ചാം ഷട്ടറും തുറന്നതോടെ വെള്ളം പൊങ്ങി മൃഗങ്ങൾ ഒറ്റപ്പെട്ടുപോവുകയായിരുന്നു.

ജലനിരപ്പ് ഉയരും മുൻപേ പശുക്കളെ മോഹനനും മകനും ചേർന്ന് ഇക്കരെ കടത്തിയിരുന്നു. മറ്റു മൃഗങ്ങളെ മാറ്റാൻ ശ്രമിക്കുന്നതിനിടെയാണ് അഞ്ചാമത്തെ ഷട്ടർ ഉയർത്തിയതും കുത്തൊഴുക്കു ശക്തമായതും.



തുരുത്തിൽ ഒറ്റപ്പെട്ട നായക്കു ഭക്ഷണം നൽകുന്ന ദുരന്തനിവാരണ സേനാംഗം.

മൃഗങ്ങൾ തുരുത്തിൽ ഒറ്റപ്പെട്ടതറിഞ്ഞു കലക്ടർ ദേശീയ ദുരന്ത നിവാരണ പ്രതികരണ സേനയെ രക്ഷാ ദൗത്യമേൽപിക്കുകയായിരുന്നു. പതിനഞ്ചംഗ സേനയുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ രാവിലെ രക്ഷാപ്രവർത്തനം ആരംഭിച്ചു. നദിക്കു കുറുകെ കെട്ടിയ വടത്തിൽപിടിച്ച് അക്കരെയെത്താൻ സേന അംഗങ്ങൾ ശ്രമിച്ചെങ്കിലും ആദ്യം വിജയിച്ചില്ല. തുടർന്നു വൈകുന്നേരത്തോടെ സാഹസികമായി വടത്തിൽ പിടിച്ചു നദി കടന്നു ഭക്ഷണമെത്തിക്കുകയായിരുന്നു.